ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.06.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) നിലമ്പൂർ വിധിയെഴുതുന്നു; വോട്ടെടുപ്പ് ആരംഭിച്ചു; കേരളമുൾപ്പെടെ 4 സംസ്ഥാനങ്ങളിലെ 5 നിയമസഭാമണ്ഡലങ്ങളിൽ ഇന്ന് വോട്ടെടുപ്പ്.

**Voting begins in Nilambur assembly constituency; Bypolls to five Assembly seats in four states are being held today.**

2) ഉഭയകക്ഷി വ്യാപാരം വിപുലമാക്കാനും വിശ്വസനീയമായ വിതരണ ശൃംഖലകൾ കെട്ടിപ്പടുക്കാനും ഇന്ത്യ-ക്രൊയേഷ്യ ധാരണ; ക്രൊയേഷ്യ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഡൽഹിയ്ക്ക് മടങ്ങി.

**India-Croatia agreement to expand bilateral trade and build reliable supply chains; Prime Minister Narendra Modi returns to Delhi after completing his visit to Croatia.**

3) ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ¬ഇറാനിൽ നിന്നും ഒഴിപ്പിച്ച ഇന്ത്യക്കാരുമായുള്ള ആദ്യവിമാനം ഡൽഹിയിലെത്തി; ഇസ്രയേൽ-ഇറാൻ സംഘർഷം പരിഹരിക്കാൻ മധ്യസ്ഥതയ്ക്ക് തയ്യാറെന്ന് റഷ്യ.

**First flight with Indians evacuated from Iran as part of Operation Sindhu arrives in Delhi; Russia says it is ready to mediate to resolve the Israel-Iran conflict.**

4) ഏകീകൃത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട കേന്ദ്ര സർക്കാർ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാകുമെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്.

**Union Minister of State Jitendra Singh says central government employees covered by the Unified Pension Scheme will be eligible for gratuity benefits.**

5) ബീഹാറിൽ ഈ മാസം നടക്കുന്ന തദ്ദേശതിരഞ്ഞെടുപ്പിൽ ഇ-വോട്ടിംഗ് നടപ്പിലാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു.

**State Election Commission has decided to implement e-voting in the local body elections to be held in Bihar this month.**

6) പ്രഥമ ഹോക്കി ഇന്ത്യ മാസ്റ്റേഴ്സ് കപ്പിൽ പുരുഷ-വനിതാ വിഭാഗങ്ങളിൽ കേരളത്തിന് പരാജയം.

**The inaugural Hockey India Masters Cup 2025 kicked off in Chennai; In the women's section, Karnataka thrashed Kerala**

**********

## NILAMBUR VOTING

നിലമ്പൂർ നിയമസഭാ മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് തുടങ്ങി. ബൂത്തുകളിലെല്ലാം വോട്ടർമാരുടെ നീണ്ടനിര

ദൃശ്യമാണ്. രാവിലെ ഏഴിന് ആരംഭിച്ച പോളിങ് വൈകിട്ട് ആറുവരെ നീളും. ആകെ 263 പോളിങ് സ്റ്റേഷനുകളിലായി രണ്ട് ലക്ഷത്തി 32,381 വോട്ടർമാരാണുള്ളത്. ഒരു ലക്ഷത്തി 13,613 പുരുഷന്മാരും ഒരു ലക്ഷത്തി 18,760 സ്ത്രീകളും എട്ട് ട്രാൻസ് ജെൻഡർമാരുമുണ്ട്.

നിലമ്പൂർ നഗരസഭയും വഴിക്കടവ്, മൂത്തേടം, എടക്കര, പോത്തുകല്ല്, ചുങ്കത്തറ, കരുളായി, അമരമ്പലം പഞ്ചായത്തുകളും ഉൾപ്പെടുന്നതാണ് നിയമസഭാ മണ്ഡലം. യു.ഡി.എഫിലെ ആര്യാടൻ ഷൗക്കത്ത്, എൽ.ഡി.എഫിലെ എം.സ്വരാജ്, എൻ.ഡി.എ യിലെ. മോഹൻ ജോർജ്, സ്വതന്ത്ര സ്ഥാനാർത്ഥി പി.വി.അൻവർ എന്നിവരടക്കം 10 സ്ഥാനാർഥികൾ മത്സരരംഗത്തുണ്ട്. എൽ.ഡി.എഫ് സ്വതന്ത്രനായി വിജയിച്ച പി.വി.അൻവർ രാജിവച്ചതിനെ തുടർന്നാണ് ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്. 23 നാണ് വോട്ടെണ്ണൽ.

**********

## ASSEMBLY BYPOLLS

കേരളത്തിലെ നിലമ്പൂരിന് പുറമേ മൂന്ന് സംസ്ഥാനങ്ങളിലെ നാല് നിയമസഭാ മണ്ഡലങ്ങളിലാണ് ഇന്ന് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്. ഗുജറാത്തിൽ രണ്ടും പശ്ചിമ ബംഗാൾ, പഞ്ചാബ് എന്നിവിടങ്ങളിൽ ഓരോ മണ്ഡലങ്ങളിലും ഇന്ന് പോളിങ് നടക്കും. തിങ്കളാഴ്ചയാണ് എല്ലായിടത്തും വോട്ടെണ്ണൽ.

**********

## PM CROATIA VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി ക്രൊയേഷ്യ സന്ദർശനം പൂർത്തിയാക്കി ഡൽഹിയിലേക്ക് മടങ്ങി. ക്രൊയേഷ്യൻ പ്രസിഡൻറ് സൊറാൻ മിലാനോവിച്ചുമായും, പ്രധാനമന്ത്രി ആന്ദ്രേ പ്ലെങ്കൊവിച്ചുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. പഹൽഗാം ഭീകരാക്രമണ ശേഷം ഇന്ത്യയ്ക്ക് നൽകിയ പിന്തുണയ്ക്ക് പ്രധാനമന്ത്രി ക്രൊയേഷ്യയ്ക്ക് നന്ദി അറിയിച്ചു.

**(ഹോൾഡ് വോയ്സ്.....)**

ഉഭയകക്ഷി വ്യാപാരവും വിപുലമാക്കാനും വിശ്വസനീയമായ വിതരണ ശൃംഖലകൾ കെട്ടിപ്പടുക്കാനും ഇന്ത്യയും ക്രൊയേഷ്യയും തമ്മിൽ ധാരണയായി.

**വിശദാംശങ്ങളിലേക്ക് .....**

**(വോയിസ്)**

**********

## PRESIDENT – UTHARAKHAND

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഉത്തരാഖണ്ഡ് സന്ദർശിക്കും. രാഷ്ട്രപതി നികേതനിൽ തങ്ങുന്ന ശ്രീമതി മുർമു ഡെറാഡൂണിൽ വിവിധ പദ്ധതികളുടെ ശിലാസ്ഥാപനവും ഉദ്ഘാടനവും നിർവഹിക്കും. രാഷ്ട്രപതി നികേതനിലെ ആംഫി തിയേറ്റർ രാഷ്ട്രപതി ഇന്ന് ഉദ്ഘാടനം ചെയ്യും. രാഷ്ട്രപതി നികേതനിലേക്കുള്ള പൊതുജനങ്ങളുടെ സന്ദർശന പരിപാടിയുടെ ഉദ്ഘാടനവും സന്ദർശകർക്കുള്ള സൗകര്യങ്ങൾ, കഫറ്റീരിയ, സുവനീർ ഷോപ്പ് തുടങ്ങിയ പൊതു സൗകര്യ സംവിധാനങ്ങളുടെ ഉദ്ഘാടനവും നാളെ രാഷ്ട്രപതി നിർവഹിക്കും.

**********

## GRATUITY BENEFITS

ഏകീകൃത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട കേന്ദ്ര സർക്കാർ ജീവനക്കാർക്ക് വിരമിക്കൽ, മരണാനന്തര ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ അനുവദിക്കാൻ സർക്കാർ തീരുമാനിച്ചതായി കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിംഗ്. സർക്കാർ ജീവനക്കാരുടെ ദീർഘനാളത്തെ ആവശ്യമാണിതെന്നും ഇതോടെ വിരമിക്കൽ ആനുകൂല്യങ്ങളിൽ സമത്വം സാധ്യമാകുമെന്നും ഡോ.ജിതേന്ദ്ര സിംഗ് പറഞ്ഞു. ദേശീയ പെൻഷൻ സംവിധാനത്തിന് കീഴിലുള്ള എല്ലാ വിഭാഗം ജീവനക്കാർക്കും സാമൂഹിക സുരക്ഷ ഉറപ്പാക്കാനുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ് പുതിയ വ്യവസ്ഥ പ്രതിഫലിപ്പിക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി.

**********

## ELECTION COMMISSION

വോട്ടർമാർക്കുള്ള തിരിച്ചറിയൽ കാർഡുകൾ വേഗത്തിൽ വിതരണം ചെയ്യുന്നതിനായി, തിരഞ്ഞെടുപ്പ് കമ്മീഷൻ പുതിയ പ്രവർത്തന മാനദണ്ഡം അവതരിപ്പിച്ചു. വോട്ടർപ്പട്ടികയിൽ പേര് ചേർക്കുമ്പോഴും പുതുക്കുമ്പോഴും 15 ദിവസത്തിനുള്ളിൽ പുതിയ കാർഡുകൾ ലഭ്യമാക്കും. കാർഡുകൾ തയ്യാറാകുന്നത് മുതൽ കൈമാറുന്നതുവരെയുള്ള ഓരോ ഘട്ടത്തിന്റെയും തത്സമയ നിരീക്ഷണ സംവിധാനം ഉറപ്പാക്കും. ഓരോ ഘട്ടത്തിലും വോട്ടർമാർക്ക് SMS വഴി അറിയിപ്പുകൾ ലഭിക്കും.

**********

## E-VOTING

ആൻഡ്രോയിഡ് അധിഷ്ഠിത മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള ഇ-വോട്ടിംഗ് സംവിധാനം നടപ്പിലാക്കാൻ ബീഹാർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു. വോട്ടിംഗ് പ്രക്രിയയിലെ ഈ നൂതന സംവിധാനം നടപ്പാക്കുന്ന ആദ്യ സംസ്ഥാനമായി ബീഹാർ മാറും. ജൂൺ 28 ന് സംസ്ഥാനത്ത് നടക്കാനിരിക്കുന്ന മുനിസിപ്പൽ,

നഗരഭരണ സ്ഥാപന തിരഞ്ഞെടുപ്പുകളോടെ സംരംഭത്തിന് തുടക്കം കുറിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ദീപക് പ്രസാദ് ആകാശവാണി വാർത്തകളോട് പറഞ്ഞു.

**********

## AHMEDABAD- DNA

അഹമ്മദാബാദ് വിമാനപകടത്തിൽ ഡി.എൻ.എ പരിശോധനയിലൂടെ ഇതുവരെ 208 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു. 173 മൃതദേഹങ്ങൾ ബന്ധുക്കൾക്ക് കൈമാറിയതായി അഹമ്മദാബാദ് സിവിൽ ആശുപത്രി അധികൃതർ അറിയിച്ചു. അപകടത്തിൽ മരിച്ച പത്തനംതിട്ട സ്വദേശി രഞ്ജിത ജി.നായരുടെ മൃതദേഹം ഇതുവരെ തിരിച്ചറിയാൻ ആയിട്ടില്ല.

**********

## OPERATION SINDHU (INTRO)

ഇറാനിൽ നിന്നും ഒഴിപ്പിച്ച ഇന്ത്യക്കാരുമായുള്ള ആദ്യവിമാനം ഡൽഹിയിലെത്തി. വടക്കൻ ഇറാനിൽ നിന്ന് ഒഴിപ്പിച്ച 110 ഇന്ത്യൻ വിദ്യാർത്ഥികളെയും വഹിച്ചുകൊണ്ടുള്ള വിമാനം ഇന്ന് പുലർച്ചെയാണ് ന്യൂഡൽഹിയിലെത്തിയത്. യുദ്ധം അയവില്ലാതെ തുടരുന്ന സാഹചര്യത്തിലാണ് ഇറാനിൽ നിന്ന് പൗരന്മാരെ ഒഴിപ്പിക്കാൻ ഇന്ത്യ ഓപ്പറേഷൻ സിന്ധു ആരംഭിച്ചത്. ഇറാനിൽ നിന്ന് തിരികെയെത്തിയ, ജമ്മു കശ്മീരിൽ നിന്നുള്ള എംബിബിഎസ് വിദ്യാർത്ഥി സെഹ്റാൻ ബട്ട്, ആകാശവാണി വാർത്തകളോട് അനുഭവം പങ്കു വച്ചു.

**(ഹോൾഡ് വോയിസ്)**

സുഗമമായ ഒഴിപ്പിക്കൽ പ്രക്രിയയ്ക്ക് സൗകര്യമൊരുക്കിയതിന് ഇറാൻ, അർമേനിയ സർക്കാരുകൾക്ക്, കേന്ദ്രസർക്കാർ നന്ദി അറിയിച്ചു.

**********

## PUTIN-ISRAEL-IRAN CONFLICT

ഇസ്രയേൽ-ഇറാൻ സംഘർഷം പരിഹരിക്കാൻ മധ്യസ്ഥതയ്ക്ക് തയ്യാറെന്ന് റഷ്യ. ഇറാൻ, ഇസ്രായേൽ, അമേരിക്ക എന്നീ രാജ്യങ്ങളുമായി ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പങ്കുവെച്ചതായി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ പറഞ്ഞു. റഷ്യയ്ക്ക് ഇറാനുമായും ഇസ്രായേലുമായും ഊഷ്മളമായ ബന്ധങ്ങളാണുള്ളതെന്നും അദ്ദേഹം പറഞ്ഞു. അതിനിടെ ഇരുരാജ്യങ്ങളും തമ്മിലുള്ള സംഘർഷം കൂടുതൽ രൂക്ഷമായി. ഇറാനിലുടനീളം ഇസ്രായേൽ സൈന്യം വ്യോമാക്രമണം നടത്തി. ഇറാൻ ഇതുവരെ 400-ലധികം ബാലിസ്റ്റിക് മിസൈലുകളും 1,000 ലധികം ഡ്രോണുകളും ഇസ്രായേലിനെതിരെ പ്രയോഗിച്ചു. അമേരിക്കയുടെ നേരിട്ടുള്ള ഇടപെടൽ 'പരിഹരിക്കാനാവാത്ത പ്രത്യാഘാതങ്ങൾക്കും' 'സമഗ്രമായ യുദ്ധത്തിനും' കാരണമാകുമെന്ന് ഇറാൻ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമനേയി മുന്നറിയിപ്പ് നൽകി.

**********

## UNSC-MEET IRAN

ഇറാൻ ഇസ്രയേൽ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഐക്യരാഷ്ട്ര രക്ഷാസമിതി നാളെ ന്യൂയോർക്കിൽ അടിയന്തര യോഗം ചേരും. ചൈന, പാകിസ്ഥാൻ, റഷ്യ എന്നീ രാജ്യങ്ങളുടെ പിന്തുണയോടെ, ഇറാന്റെ അഭ്യർത്ഥനയെത്തുടർന്നാണിത്. അന്താരാഷ്ട്ര ആണവോർജ ഏജൻസി ഡയറക്ടർ ജനറൽ റാഫേൽ ഗ്രോസി, യു.എൻ രാഷ്ട്രീയകാര്യ മേധാവി റോസ്മേരി ഡികാർലോ എന്നിവരുടെ വിശദീകരണങ്ങൾ ഇറാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ യു.എൻ രക്ഷാസമിതിയുടെ രണ്ടാമത്തെ അടിയന്തര യോഗമാണിത്.

**********

## ANNECY ANIMATION FESTIVAL

ഫ്രാൻസിൽ നടന്ന ആൻസി അന്താരാഷ്ട്രാ അനിമേഷൻ ഫെസ്റ്റിവലിൽ അന്താരാഷ്ട്ര ശ്രദ്ധ ആകർഷിച്ച് ഇന്ത്യൻ അനിമേഷൻ ചിത്രം ദേസി ഊൻ. സുരേഷ് എരിയാട്ട് സംവിധാനം ചെയ്ത ചിത്രത്തിന് വേവ്സ് ദൃശ്യ ശ്രാവ്യ ഉച്ചകോടിയിൽ മികച്ച ചിത്രത്തിനുള്ള അവാർഡ് ലഭിച്ചിരുന്നു. ചിത്രം കാൻസ് ലയൺസ് 2025 ലേക്കും ഷോർട് ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.

**********

## HOCKEY- MASTERS CUP

പ്രഥമ ഹോക്കി ഇന്ത്യ മാസ്റ്റേഴ്സ് കപ്പിന് ചെന്നൈയിൽ തുടക്കമായി. വനിതാ വിഭാഗത്തിൽ, കേരളം എതിരില്ലാത്ത 7 ഗോളിന് കർണാടകത്തോട് പരാജയപ്പെട്ടു. പുരുഷ വിഭാഗത്തിൽ, തമിഴ്നാട് കേരളത്തെ 8-0 ന് തോൽപ്പിച്ചു. ഈ മാസം 27 നാണ് ഫൈനൽ മത്സരങ്ങൾ.

**********

## RAIN - KERALA

കേരളത്തിൽ ഇന്നും വിവിധ ജില്ലകളിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കർണാടക തീരത്ത് ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. കുട്ടനാട് താലൂക്ക് പരിധിയിലെ പ്രൊഫഷണൽ കോളേജുകൾ ഒഴികെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പത്തനംതിട്ട ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിക്കുന്ന മേപ്രാൽ ഗവ. സെൻറ് ജോൺസ് എൽ പി സ്കൂളിനും ഇന്ന് അവധി നൽകിയിട്ടുണ്ട്.

**********

## KANNUR- RABIES

കണ്ണൂർ പയ്യാമ്പലത്തുനിന്ന് മൂന്നാഴ്ച മുമ്പ് നായയുടെ കടിയേറ്റ അഞ്ചുവയസ്സുകാരനെ പേവിഷബാധ ലക്ഷണങ്ങളോടെ പരിയാരം ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തമിഴ്നാട് സ്വദേശികളായ ദമ്പതിമാരുടെ മകനെയാണ് ഇന്നലെ വൈകിട്ട് തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചത്. പ്രതിരോധ കുത്തിവെയ്പ് എടുത്തിരുന്നുവെന്ന് രക്ഷിതാക്കൾ പറഞ്ഞു. അതേസമയം ഇന്നലെയും കണ്ണൂർ നഗരത്തിലും പരിസരങ്ങളിലും ആയി 25 പേർക്ക് തെരുവ് നായകളുടെ കടിയേറ്റു. കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ നിരവധി പേർക്കാണ് കണ്ണൂരിൽ തെരുവുനായകളുടെ കടിയേറ്റത്.

അതേസമയം നഗരത്തിലെ തെരുവുനായ ശല്യം രൂക്ഷമായ സാഹചര്യം ചർച്ച ചെയ്യാൻ കണ്ണൂർ കോർപ്പറേഷൻ ഇന്ന് അടിയന്തര കൗൺസിൽ യോഗം വിളിച്ചു.

**********

**********